## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5062 | 28.10.2016-ൽ മറുപടിയ്ക്ക് |
|---|---|

**സ്വച്ഛ് ഭാരത് പദ്ധതി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| ശ്രീ.സി.കെ.നാണു | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ഛ് ഭാരത് പദ്ധതിയുടെ (നഗരങ്ങൾ) സംസ്ഥാനത്തെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ, ലഭിച്ച തുക, വിനിയോഗിച്ച തുക എന്നിവ സഹിതം ജില്ലാടിസ്ഥാനത്തിൽ വിശദീകരിക്കാമോ; | (എ) | സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതിയുടെ നാളിതുവരെയുള്ള സംസ്ഥാനത്തെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>◆ സംസ്ഥാനത്തെ എല്ലാ നഗരസഭകൾ/ കോർപ്പറേഷനുകൾ 2017 മാർച്ച് 31 ന് സമ്പൂർണ്ണ ഒ.ഡി.എഫ് (തുറസ്സായ സ്ഥലം വിസ്സർജ്ജന വിമുക്തം) ആയി പ്രഖ്യാപിക്കുന്നതിനുള്ള വ്യക്തിഗത ഗാർഹിക ശൗചാലയ നിർമ്മാണം, ശുചിത്വ ബോധവൽക്കരണവുമായി ബന്ധപ്പെട്ട വിവര വിജ്ഞാന വ്യാപന പ്രവർത്തനം, ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും, പൊതു പ്രവർത്തകർക്കുമുള്ള ശേഷീ വികസനം എന്നീ പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br>◆ നാളിതുവരെ സ്വച്ഛ് ഭാരത് മിഷൻ പദ്ധതി (നഗരം) പ്രകാരം കേന്ദ്രവിഹിതമായി 3417 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 1638.7 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 5055.7 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.<br>◆ നാളിതുവരെ നഗരസഭകൾ 456.67 ലക്ഷം രൂപയും സംസ്ഥാന ശുചിത്വ മിഷൻ 40.07 ലക്ഷം രൂപയും ജില്ലാ ശുചിത്വ മിഷൻ മുഖേന 16.51 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 513.25 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.<br>ജില്ലാടിസ്ഥാനത്തിലുള്ള ധനവിനിയോഗ റിപ്പോർട്ട് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ഈ വർഷം സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ എന്തൊക്കെയാണ്; ഈ വർഷത്തെ കേന്ദ്ര-സംസ്ഥാന വിഹിതം എത്രയാണെന്നും വ്യക്തമാക്കാമോ? | (ബി) | 1. സ്വച്ഛ് ഭാരത് മിഷൻ (നഗരം)- 2017 മാർച്ച് 31 ന് സമ്പൂർണ ഒ.ഡി.എഫ് പ്രഖ്യാപനം നടത്തുന്നതിലേക്ക് വ്യക്തിഗത ഗാർഹിക കക്കൂസ്, കമ്മ്യൂണിറ്റി ടോയ്‌ലറ്റ്, പൊതു ശൗചാലയം, യൂറിനൽ നിർമ്മാണം.<br>2. വിവര വിജ്ഞാപന വ്യാപന പ്രവർത്തനം<br>3. ശേഷീ വികസനം<br>4. ഖരമാലിന്യ പരിപാലനം-പദ്ധതി രേഖ തയ്യാറാക്കലും പ്രോജക്ട് നിർവഹണവും<br>5. സിറ്റി സാനിട്ടേഷൻ പ്ലാൻ തയ്യാറാക്കൽ<br><br>2017-18 വർഷം പ്രതീക്ഷിക്കുന്ന<br>കേന്ദ്രവിഹിതം - 108.21 കോടി രൂപ<br>സംസ്ഥാന വിഹിതം - 72.14 കോടി രൂപ |

സെക്ഷൻ ഓഫീസർ

അനുബന്ധം

# SWACHH BHARAT MISSION(U) EXPENDITURE REPORT 2016

| | | (Amount in Lakhs) | |
|---|---|---|---|
| Sl No | Name of Districts | Receipt by District Missions And ULBs | Expenditure by District Missions And ULBs |
| 1 | Thiruvanathapuram | 417.22 | 20.41 |
| 2 | Kollam | 196.14 | 56.73 |
| 3 | Pathanamthitta | 175.24 | 11.7 |
| 4 | Alappuzha | 210.35 | 5.8 |
| 5 | Kottayam | 136.93 | 39.7 |
| 6 | Ernakulam | 250.86 | 26.31 |
| 7 | Thrissur | 282.27 | 82.98 |
| 8 | Palakkad | 153.4 | 15.72 |
| 9 | Kozhikode | 182.95 | 114.51 |
| 10 | Wayanad | 63.51 | 11.17 |
| 11 | Kannur | 102.93 | 39.3 |
| 12 | Idukki | 33.1 | 10.88 |
| 13 | Malappuram | 185.36 | 16.83 |
| 14 | Kasaragod | 58.5 | 21.16 |
| | **TOTAL** | **2,448.76** | **473.20** |